പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1229 07.06.2018-ൽ മറുപടിയ്ക്ക്

# റോഡ് നിർമ്മാണത്തിലെ ഗുണ നിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.രാജഗോപാലൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) അനുവാദമില്ലാതെ റോഡ് വെട്ടിപ്പൊളിക്കൽ റോഡിൽ കരാറുകാരന്റെ വക ഹമ്പ് നിർമ്മിക്കൽ, മെക്കാഡം ടാറിങ്ങിനായി പൊളിച്ചെടുത്ത ടാർ അടങ്ങിയ റോഡ് വേസ്റ്റുകൾ ചരൽമണ്ണിന് പകരം പാർശ്വങ്ങളിൽ നിക്ഷേപിക്കുക തുടങ്ങിയ നടപടികൾ തടയാൻ കർശനനിർദ്ദേശം നൽകുമോ; | (എ) അനുവാദമില്ലാതെ റോഡ് വെട്ടി പൊളിക്കുന്നവർക്കെതിരെ സർക്കാർ ഉത്തരവ് G.O (MS) No. 63/2016 PWD dated. 3/09/2016 പ്രകാരം കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചു വരുന്നുണ്ട്. റോഡിൽ കരാറുകാരന്റെ വക ഹമ്പ് നിർമ്മിക്കൽ, മെക്കാഡം ടാറിംഗിനായി പൊളിച്ചെടുത്ത ടാർ അടങ്ങിയ റോഡ് വേസ്റ്റുകൾ ചരൽ മണ്ണിനു പകരം പാർശ്വങ്ങളിൽ നിക്ഷേപിക്കുക തുടങ്ങിയ നടപടികൾ തടയാൻ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) മെക്കാഡം ടാറിങ്ങിനായുള്ള മിക്സിങ്ങ് പ്ലാന്റ് പൂർണ്ണ സമയം പരിശോധിക്കാനും ഗുണ നിലവാരം ഉറപ്പ് വരുത്തുവാനും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) മെക്കാഡം ടാറിംഗിനായുള്ള മിക്സിങ്ങ് പ്ലാന്റ് പൂർണ്ണ സമയം പരിശോധിക്കാനും ഗുണനിലവാരം ഉറപ്പു വരുത്താനും ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തികളുടെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിലാണ് മെക്കാഡം ടാറിംഗിനായുള്ള മിക്സിംഗ് പ്ലാന്റ് പ്രവർത്തിപ്പിച്ച് ടാറിംഗിന് മിശ്രിതത്തിന്റെ ഗുണ നിലവാരം ഉറപ്പുവരുത്തിയാണ് ടാറിംഗ് പ്രവർത്തികൾ നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ